(ഇ) തുടർ വിദ്യാ കേന്ദ്രങ്ങളിലെ പ്രേരക്/അസിസ്റ്റന്റ് പ്രേരക് മാർക്ക് ഒന്ന് മുതൽ എട്ട് മാസം വരെ ഓണറേറിയം കുടിശ്ശികയുണ്ട്. ദേശീയ സാക്ഷരതാ മിഷനിൽ നിന്ന് അടുത്ത ഗഡു ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇത് കൊടുത്തുതീർക്കുന്നതാണ്.

'സമന്വയം' പരിപാടി

81 (2945) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'സമന്വയം' എന്ന പരിപാടി നടത്തിപ്പിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇന്ത്യയ്ക്കകത്തും കേരളത്തിനു പുറത്തുമുള്ള മറുനാടൻ മലയാളികളുടെ ബഹുമുഖ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും അവരുടെ ക്ഷേമം ലക്ഷ്യമാക്കി കൂടുതൽ നടപടികൾക്ക് രൂപം നൽകാനുമാണ് സമന്വയം പരിപാടി സംഘടിപ്പിക്കുന്നത്.

പി. ആർ. ഡി. പ്രസിദ്ധീകരണങ്ങളുടെ അച്ചടി

82 (2946) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ആർ.ഡി.-യുടെ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നത് ഏതെല്ലാം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലായി 2001-2002 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ അച്ചടി ജോലികളാണ് ചെയ്തിട്ടുള്ളത് ;

(സി) സ്വകാര്യ പ്രസ്സുകളിൽ അച്ചടി ജോലികൾ ഏൽപ്പിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ അച്ചടി ജോലികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ചെയ്തിട്ടുള്ളത് ;

(ഇ) സർക്കാർ സ്ഥാപനങ്ങളിലെയും സ്വകാര്യ സ്ഥാപനങ്ങളിലെയും പ്രിന്റിംഗ് നിരക്കിൽ വ്യത്യാസമുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വ്യത്യാസം എത്രയാണ് ;

(ജി) സർക്കാർ, അർദ്ധസർക്കാർ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ഓരോന്നിലേയും നിരക്കുകൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly